സംസ്ഥാന ആവിഷ്കൃത പരിപാടികൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, മിഷനുകൾ എന്നിവർ ചെയ്യുന്ന പ്രവർത്തനങ്ങൾ അപഗ്രഥിച്ച് അവയിൽ സംയോജിപ്പിക്കാനും ഏകോപിപ്പിക്കാനും കഴിയുന്നവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ സംയോജിപ്പിക്കേണ്ടതും അവയിൽ പരിഗണിക്കപ്പെടാത്ത പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതും ലക്ഷ്യമിടുന്നു.

(സി) പഞ്ചവത്സര പദ്ധതി നടത്തിപ്പിൽ ഉദ്യോഗസ്ഥ മേധാവിത്വം ഉണ്ടായിട്ടില്ല. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ഗ്രാമസഭകളുടെയും തീരുമാനങ്ങൾക്ക് വിധേയമായിട്ടാണ് പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതും.

(ഡി) ബാധകമല്ല.

ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ പുതുതായി താലൂക്ക് സ്റ്റാറ്റിസ്റ്റിക്സ് ഓഫീസുകൾ

42 (3326) ശ്രീ. വി. പി. സജീന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കണോമിക്സ് & സ്റ്റാസ്റ്റിക്സ് വകുപ്പിൽ പുതുതായി 14 താലൂക്ക് സ്റ്റാറ്റിസ്റ്റിക്സ് ആഫീസുകൾ അനുവദിക്കാൻ പ്രഖ്യാപനം നടത്തുകയുണ്ടായോ ;

(ബി) പ്രസ്തുത ആഫീസുകളുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്ത് നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല. റവന്യു താലൂക്കുകൾക്കനുസൃതമായി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസുകൾ നിലവിലില്ലാത്ത 14 താലൂക്കുകളിൽ, താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസുകൾ രൂപീകരിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

ഉടുമ്പൻചോല ഇക്കണോമിക്കൽ & സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്

43 (3327) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടുമ്പൻചോല ഇക്കണോമിക്കൽ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ് എവിടെയാണ് പ്രവർത്തിക്കുന്നത് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly